പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ: 1549</u> — <u>03-10-2011-ൽ മറുപടിയ്ക്ക്</u>

## <u>മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സമ്പാദ്യ ആശ്വാസപദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) പഞ്ഞമാസങ്ങളിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്ന സമ്പാദ്യ ആശ്വാസ പദ്ധതിയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;<br><br>ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും നിർദ്ദേശമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ ; | എ) യും ബി)യും ഉണ്ട്.<br><br>സമ്പാദ്യസമാശ്വാസ പദ്ധതിയിൽ എ.പി.എൽ/ബി.പി.എൽ. വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളികളെ പദ്ധതിയിൽ ചേർക്കാമെന്ന് 26.09.2011-ൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| സി) മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അത്തരത്തിലുള്ള എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ; | സി) 2005 ൽ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എം.എഫ്.ആർ.ഐ) നടത്തിയ തീരദേശ സെൻസസ് പ്രകാരം 1,20,486 മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ട്. |
| ഡി) മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിലനിൽക്കുന്ന ദാരിദ്ര്യവും പോഷകാഹാര ദൗർലഭ്യവും ജീവിതസൗകര്യ കുറവും പരിഗണിച്ച് ഈ കുടുംബങ്ങളെയെല്ലാം ബി.പി.എൽ. പട്ടികയിൽപ്പെടുത്തി ആനുകൂല്യം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ ? | ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ